# കേരളസർവകലാശാല

നം.പി.ആർ.13/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ലൈബ്രറിയുടെ പ്രവർത്തന സമയത്തിൽ മാറ്റം

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരളസർവകലാശാല ലൈബ്രറിയുടെ പ്രവർത്തന സമയത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ലൈബ്രറിയുടെ പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ ആയിരിക്കും. ലൈബ്രറി അംഗങ്ങൾക്ക് കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രവേശനം അനുവദിക്കുന്നതായിരിക്കും.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. (2019 അഡ്മിഷൻ – റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2015, 2016, 2017 അഡ്മിഷൻ – സപ്ലിമെന്ററി, 2013 അഡ്മിഷൻ – മേഴ്സിചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 27 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ മാറ്റി

കേരളസർവകലാശാല ജനുവരി 17, 18 തീയതികളിൽ അമ്പലത്തറ നാഷണൽ കോളേജിൽ വച്ച് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാല ഡിസംബർ 2021 ന് നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്.ബി.സി.എ. ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷ ജനുവരി 27, 28, 31, ഫെബ്രുവരി 1 എന്നീ തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഡിസംബർ 2021 ന് നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (വൊക്കേഷണൽ മൈക്രോബയോളജി) കോഴ്സിന്റെ പ്രാക്ടിക്കൽ ജനുവരി 27 മുതൽ അതാത് കോളേജുകളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരി 20, 21 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി/പോളിമർ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഫെബ്രുവരി 07, 08 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

തിരുവനന്തപുരം,
18.01.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**